ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A3-ആത്മരക്ഷ

## പാഠം 1 - വ്യക്തിപരമായ ഒരു ആവശ്യം

**വായനഭാഗം:**

**ഉല്പത്തി 1:26–27 ;2:*7–9, 15*–17; 3:1–13, 22–24**

**താക്കോൽ വാക്യം:**

**"അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു"** (റോമർ 5:12).

ആരെങ്കിലും തീപിടിച്ചു കത്തിയമർന്നുകൊണ്ടിരിക്കുന്ന ഒരു കെട്ടിടത്തിനുള്ളിൽ അകപ്പെട്ടുപോയാൽ, അല്ലെങ്കിൽ, ചിലർ മുങ്ങിക്കൊണ്ടിരിക്കുന്ന ഒരു കപ്പലിനുള്ളിൽ കുടുങ്ങിക്കിടക്കുന്നുവെങ്കിൽ, അവരെ രക്ഷപെടുത്തേണ്ടത് അത്യാവശ്യമാണ്. കാരണം, അവർ വളരെ വലിയ അപകടത്തിലാണു പെട്ടിരിക്കുന്നത്; അവരെ എത്രയും പെട്ടെന്നു രക്ഷിക്കുന്നതിനുവേണ്ടി സാധ്യമായതെല്ലാം ചെയ്തേ മതിയാകൂ!

വിശുദ്ധ ബൈബിൾ നമുക്കു നൽകുന്ന സന്ദേശം നാം എല്ലാവരും രക്ഷിക്കപ്പെടണം. അതിനെക്കുറിച്ചു പറയാറുള്ളത്, "നമ്മുടെ പാപങ്ങളിൽ നിന്നു രക്ഷിക്കപ്പെടുക" എന്നാണ്. ഇപ്രകാരം പാപമോചനം പ്രാപിച്ച്, അഥവാ രക്ഷിക്കപ്പെട്ട്, മാനസാന്തരത്തിന്റെ അനുഭവമില്ലാതെ, ഈ ജീവിതകാലത്ത് നമുക്ക് യേശുവിന്റെ അനുഗാമികളായിരിക്കുന്നതിനു സാധിക്കുന്നതല്ല, മരണശേഷം സ്വർഗ്ഗത്തിലേയ്ക്കു പ്രവേശിക്കുന്നതിനും കഴിയുന്നതല്ല. അതിനാൽ, "ആത്മരക്ഷ" എന്നുള്ളത് വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണെന്നു വ്യക്തം. അതുകൊണ്ട് ബൈബിളിന് ഈ വിഷയത്തെക്കുറിച്ച് എന്തു പറയുവാനുണ്ട് എന്നു നാം മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടതാണ്. നമുക്ക് ഈ വിഷയത്തിന്റെ ആദ്യഭാഗത്തേയ്ക്കു തന്നേ നമ്മുടെ ശ്രദ്ധ തിരിക്കാം.

ദൈവം നമ്മുടെ സ്രഷ്ടാവാണ്. ആദിമനുഷ്യനായ ആദാമിന്റെ പിൻഗാമികളായ നാമെല്ലാവരും ചേർന്ന് ഒരു വലിയ കുടുംബം ആയിരിക്കുന്നു. ദൈവം തന്റെ സകലസൃഷ്ടികളിലും വെച്ച് ഏറ്റവും ഉന്നതമായ നിലയിൽ, പ്രത്യേക അവകാശങ്ങളും അധികാരങ്ങളും നൽകി, ആദാമിനെ സൃഷ്ടിച്ചാക്കിയതു സംബന്ധിച്ച വിവരങ്ങൾ ***ഉൽപത്തി 1,2*** അദ്ധ്യായങ്ങളിൽ കാണാം.


ആദാമും അവന്റെ ഭാര്യയായ ഹവ്വായും ഏറ്റവും പ്രത്യേകതയുള്ളവരായിരുന്നതിനാൽ, ദൈവം അവർക്ക് വളരെ വ്യക്തമായ അതിർവരമ്പുകൾ സൃഷ്ടിച്ചിരുന്നു. ദൈവം അവർക്ക് അവർ ചെയ്യേണ്ടതായ കാര്യങ്ങളെക്കുറിച്ചും, അവർക്കു ചെയ്യുവാൻ പാടില്ലാത്ത കാര്യങ്ങളെക്കുറിച്ചും വ്യക്തമായ കല്പനകൾ കൊടുത്തു.തന്റെ കല്പനകൾ അനുസരിക്കാതെ അവഗണിച്ചു കളഞ്ഞാൽ, അതിന് അങ്ങേയറ്റം ഗുരുതരമായ ദോഷഫലങ്ങൾ അനുഭവിക്കേണ്ടതായിവരും എന്ന് ദൈവം അവർക്ക് മുന്നറിയിപ്പു നൽകിയിരുന്നു. ***"യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചത് എന്തെന്നാൽ: തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും." (ഉല്പത്തി 2:16–17).***

ആദ്യനാളുകളിൽ എല്ലാം വളരെ നല്ല രീതിയിലാണു നടന്നിരുന്നത്; ആദാമും ഹവ്വായും ഏദൻ തോട്ടത്തിൽ വളരെ സന്തുഷ്ടരായി ജീവിച്ചുപോന്നു. എന്നാൽ അവരുടെ ജീവിതത്തിൽ പരീക്ഷ നേരിട്ടപ്പോൾ, അവർ പരാജയപ്പെട്ടുപോയി! അവർ സാത്താന്റെ പ്രലോഭനങ്ങൾക്കു വശംവദരാകുകയും ദൈവത്തോട് അനുസരണക്കേടു കാണിക്കുകയും ചെയ്തു. അവർ "പാപികൾ" ആയിത്തീർന്നു, ആ സമയം മുതൽ അവർക്ക് ഒരിക്കലും ദൈവസന്നിധിയിൽ സന്തോഷമുള്ളവരായിരിക്കുവാൻ സാധിച്ചില്ല; അവരുടെ ഹൃദയങ്ങളെ ഭരിച്ചിരുന്ന കുറ്റബോധം വളരെ വലുതായിരുന്നതിനാൽ, വാസ്തവത്തിൽ ദൈവസന്നിധിയിൽനിന്നും ഓടിയൊളിക്കുവാനായിരുന്നു അവർ ശ്രമിച്ചിരുന്നത്.ഒരർത്ഥത്തിൽ പറഞ്ഞാൽ, അനുസരണക്കേടു കാണിച്ച നിമിഷം മുതൽ അവർ "മരിച്ചവർ" ആയിത്തീർന്നു, ദൈവവുമായി അവർക്കുണ്ടായിരുന്ന ബന്ധം അറ്റുപോയതായി അവർക്ക് സ്വയം ബോദ്ധ്യമായി; പിന്നീട് അവർ ദൈവസന്നിധിയിൽനിന്നും പുറത്താക്കപ്പെടുകയും ചെയ്തു.

ആദാമാണ് മനുഷ്യകുലത്തിന്റെ തലവൻ. അവന്റെ അനുസരണക്കേട് അവന്റെ സന്തതിപരമ്പരകളായ നമ്മെ മുഴുവൻ ദോഷമായി ബാധിച്ചിരിക്കുന്നു. അവന്റെ "വീഴ്ചയാൽ" നാം എല്ലാം "വീണുപോയി"രിക്കുന്നു. ***റോമർ 5:12***ൽ നാം ഇപ്രകാരം വായിക്കുന്നു: ***"അതുകൊണ്ട് ഏകമനുഷ്യനാൽ (ആദാമിനാൽ) പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും വ്യാപിച്ചിരിക്കുന്നു"***. ദൈവത്തിന്റെ മാർഗ്ഗത്തെ നിരസിച്ചുകൊണ്ട്, സാത്താന്റെ മാർഗ്ഗത്തെ തിരഞ്ഞെടുത്ത ഒരു "കുടുംബത്തലവന്റെ" കുടുംബത്തിൽ പിറന്ന മക്കൾ എന്ന അർത്ഥത്തിൽ, നാം എല്ലാവരും "ആദാമിന്റെ മക്കൾ" ആയിരിക്കുന്നു. നമുക്കെല്ലാവർക്കും പാപത്തിൽ നിന്നുള്ള വിടുതലായ ആത്മരക്ഷ ആവശ്യമായിരിക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് ഇതാണ്. നമ്മുടെ ജനനത്താൽ നാം എല്ലാവരും ഒന്നാം മനുഷ്യനായ ആദാമുമായി ബന്ധമുള്ളവരായിത്തീർന്നു, അതിനാൽ നാം ഓരോരുത്തരും പാപികളാണ്. ആദാമിന് എന്നതുപോലെതന്നേ, നമുക്കും, പാപത്തിനുള്ള ശിക്ഷ മരണമാണ്: ***"പാപത്തിന്റെ ശമ്പളം മരണമത്രേ" (റോമർ 6:23)***. അതിന്റെ അർത്ഥം, നമ്മുടെ പാപത്തിന് നമുക്കു ദൈവം കല്പിച്ചിട്ടുള്ള ന്യായവിധിയിൽ നിന്നു രക്ഷ പ്രാപിക്കണമെങ്കിൽ, നാം എല്ലാവരും ആത്മരക്ഷ പ്രാപിക്കണം. ഇത് ഓരോരുത്തരുടെയും വ്യക്തിപരമായ ആവശ്യമായിരിക്കുന്നു.

ഈ ലോകത്തിൽ ഇത്രയധികം ദുഷ്ടതയും ദുഷ്പ്രവൃത്തികളും ഏറിവരുന്നത് കണ്ടിട്ട്, എന്തുകൊണ്ടാണ് ഇപ്രകാരമൊക്കെ സംഭവിക്കുന്നതെന്ന് നിങ്ങൾ എപ്പോഴെങ്കിലും അത്ഭുതപ്പെട്ടുപോയിട്ടുണ്ടോ? ഈ ഭൂമിയിൽ എല്ലായിടത്തുമുള്ള മനുഷ്യർ പൊതുവെ എന്തുകൊണ്ടാണ് കള്ളം പറയുന്നവരും ചതിക്കുന്നവരും ദുരാഗ്രഹികളും കൊലപാതകികളുമൊക്കെ ആയിരിക്കുന്നത്? എന്തുകൊണ്ടാണ് നല്ല മനുഷ്യരായി അറിയപ്പെടുന്നവർ പോലും പലപ്പോഴും പ്രലോഭനങ്ങളുടെ മുമ്പിൽ വീണുപോകുന്നത്? ഇതിനു ബൈബിൾ നൽകുന്ന വിശദീകരണം, ഈ പ്രവൃത്തികളെല്ലാം പാപസ്വഭാവമുള്ള "വേരിൽ" നിന്നും പുറപ്പെട്ടുവരുന്നതിന്റെ "ഫല"ങ്ങളാണെന്നാണ്. നമ്മുടെ സ്വഭാവം തന്നേ പാപമുള്ളതാകയാൽ, ദൈവം നമ്മെക്കുറിച്ച് ഉദ്ദേശിച്ചിട്ടുള്ള നിലവാരത്തിലേയ്ക്ക് ഉയരുന്നതിൽ നാം തീർത്തും പരാജയപ്പെട്ടുപോകുന്നു. ദൈവദൃഷ്ടിയിൽ നാമെല്ലാവരും പാപികളായിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, വ്യക്തിപരമായ നിലയിൽ ഓരോരുത്തരും ആത്മരക്ഷ പ്രാപിക്കേണ്ടത് ആവശ്യമായിരിക്കുന്നു. അതിനു കാരണം:



**1. നമ്മൾ ആരാണ്?**

"ആദാമിന്റെ മക്കൾ"

**2. നമ്മൾ എന്തു ചെയ്തു?**

***"എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" (റോമർ 3:23)***

നമ്മുടെ പാപങ്ങളിൽ നിന്നു നമുക്കു സ്വയം രക്ഷപ്രാപിക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ നമുക്കുള്ള സദ്വാർത്ത ഇതാണ്: ദൈവം നമുക്കുവേണ്ടി ഒരു രക്ഷാമാർഗ്ഗം ഒരുക്കിയിരിക്കുന്നു. അടുത്ത പാഠത്തിൽ നമുക്ക് അതിനെക്കുറിച്ച് വിശദമായി പഠിക്കാം.

**ഇത് ആത്മരക്ഷ എന്ന വിഷയത്തിൽ മൂന്നു യൂണിറ്റ് പാഠങ്ങൾ ഉള്ളതിൽ ഒന്നാമത്തേതാണ്**

# A3-ആത്മരക്ഷ

## പാഠം 2 - വിലയേറിയ ഒരു ദാനം

**വായനഭാഗം:**
റോമർ 5:6–11

**താക്കോൽ വാക്യം:**
**"മറ്റൊരുത്തനിലും രക്ഷ ഇല്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല"**
**(അപ്പൊ. പ്രവൃ. 4:12)**

ഒരു രക്ഷാദൗത്യം നിർവ്വഹിക്കണമെങ്കിൽ അതിനു കനത്ത വില ആവശ്യമായി വന്നേക്കാം! ഖനികളിൽ കുടുങ്ങിപോകുന്ന ഖനിത്തൊഴിലാളികളെ രക്ഷിക്കുന്നതിനു നടത്താറുള്ള രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ചുനോക്കുക. അല്ലെങ്കിൽ, വലിയ കൊടുങ്കാറ്റിൽ പെട്ട് മുങ്ങിക്കൊണ്ടിരിക്കുന്ന ഒരു കപ്പലിലെ ജീവനക്കാരെ രക്ഷിക്കുന്നതിനായി നടത്താറുള്ള രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുക. മറ്റുള്ളവരെ രക്ഷിക്കാൻ സ്വന്തം ജീവൻ പണയപ്പെടുത്തി കാണിക്കുന്ന ധൈര്യത്തിനും അർപ്പണബോധത്തിനും നമുക്ക് ഒരിക്കലും വില കൽപ്പിക്കാനാവില്ല.

ഈ പാഠത്തിൽ നമുക്ക് പാപികളായ സകല മനുഷ്യരെയും രക്ഷിക്കുന്നതിനായി ദൈവം കനത്ത വില കൊടുത്ത് ലഭ്യമാക്കിയിട്ടുള്ള "ആത്മരക്ഷ"യെ കുറിച്ച് ശ്രദ്ധിക്കാം .

### ആത്മരക്ഷ ദൈവംതന്നേ ഒരുക്കിയിട്ടുണ്ട്.

നമ്മുടെ പാപങ്ങളിൽ നിന്നു നമുക്കുതന്നേ നമ്മെ രക്ഷിക്കുന്നതിനു സാധിക്കുന്നതല്ല. നമ്മിൽ ജന്മനാ ഉള്ള നമ്മുടെ പാപസ്വഭാവത്തിനു മാറ്റം വരുത്തുവാൻ നമുക്ക് ഒരിക്കലും സ്വയം കഴിയുന്നതല്ല. നമുക്ക് മാനുഷികമായ നിലയിൽ ധാരാളം കഴിവുകളും ബുദ്ധിസാമർത്ഥ്യവും എല്ലാം ഉണ്ടായിരിക്കാമെങ്കിലും, നമ്മുടെ പാപങ്ങളിൽ നിന്ന് മോചനം പ്രാപിക്കുന്നതിന് നാം സ്വയം അശക്തരാണ്: ***"നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു" (റോമർ 5:6)***. നമുക്ക് രക്ഷ പ്രാപിക്കണമെങ്കിൽ നമുക്കുള്ള ഏക പ്രത്യാശ ദൈവത്തിലാണ്.

### ആത്മരക്ഷ നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു.

ദൈവം തികച്ചും നിർമ്മലനും പരിശുദ്ധനുമായിരിക്കുന്നു. അതിനാൽ ദൈവത്തിന് മനുഷ്യരായ നമ്മിലുള്ള പാപത്തെ കുറ്റം വിധിക്കുകയും അതിനു തക്കതായ ശിക്ഷ നൽകുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അതേസമയം, ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹിക്കുകയും നമ്മെ നമ്മുടെ പാപങ്ങളിൽ നിന്നു വിടുവിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു എന്നതും സത്യമാണ്. ***"നമ്മുടെ രക്ഷിതാവായ ദൈവം ....... സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും ...... ഇച്ഛിക്കുന്നു" (1 തിമൊഥെയൊസ് 2:34)***. ***യോഹന്നാൻ 3:16*** കൂടെ വായിക്കുക. ദൈവം മനുഷ്യർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന രക്ഷാകര പദ്ധതിയിൽ, നമ്മുടെ അതിക്രമങ്ങൾക്കു തക്കതായ ശിക്ഷ നൽകുന്നതിനും അതേസമയം നമ്മെ രക്ഷിക്കുന്നതിനുമുള്ള ഒരു മാർഗ്ഗം ദൈവം കണ്ടിരിക്കുന്നു.

### ആത്മരക്ഷ ദൈവകൃപയാൽ മാത്രം


"കൃപ" എന്ന പദത്തിന്റെ അർത്ഥം, "അർഹിക്കാത്ത ദയ" എന്നാണ്. ദൈവം തന്റെ രക്ഷ നമുക്ക് ലഭ്യമാക്കിത്തന്നപ്പോൾ, അവിടുന്ന് നമ്മോട് അർഹിക്കാത്ത ദയ കാണിക്കുകയായിരുന്നു. പാപികൾ എന്ന നിലയിൽ നാമെല്ലാവരും ദൈവശിക്ഷ ഏറ്റുവാങ്ങുവാൻ അർഹരായിരുന്നു! എന്നാൽ ദൈവം നമുക്ക് അറിയിച്ചുതന്നിരിക്കുന്ന സദ്വാർത്ത, ദൈവകൃപയാൽ മാത്രം നമുക്ക് ആ ശിക്ഷാവിധിയിൽ നിന്നും ഒഴിഞ്ഞുപോകുവാനും അവിടുത്തെ അളവില്ലാത്ത കൃപയിലേയ്ക്കു പ്രവേശിക്കുവാനും സാധിക്കും എന്നതാണ് ***(എഫെസ്യർ 2:8,9)***. ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന രക്ഷ പ്രാപിക്കുന്നതിന്, നാം സ്വയം നല്ലവരായിരുന്നതുകൊണ്ടോ സൽപ്രവൃത്തികൾ ചെയ്തതുകൊണ്ടോ യാതൊരു കാര്യവുമില്ല!അതുദൈവത്തിൻറെകൃപയാലുള്ള ദാനമാണ്.

### ആത്മരക്ഷ കർത്താവായ യേശുക്രിസ്തുവിലും യേശുക്രിസ്തു മുഖാന്തരവും

മതപരമായ പ്രമാണങ്ങളിലോ ആചാരക്രമങ്ങളിലോ പാപമോചനവും ആത്മരക്ഷയും കാണുവാൻ കഴിയുന്നതല്ല. അത് ജീവനുള്ള ഒരു വ്യക്തിയിലാണു കാണുന്നത്, ദൈവപുത്രനായ യേശുക്രിസ്തുവിൽ. "യേശു" എന്നപേരിന്റെ അർത്ഥം തന്നേ "രക്ഷിതാവ്" എന്നാണ്. ആ പേര് അവനു നൽകപ്പെട്ടത് എന്തുകൊണ്ടാണെന്ന് ***മത്തായി 1:21***ൽ കാണാം: ***"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ട് നീ അവനു യേശു എന്ന് പേർ ഇടേണം"*** പൗലൊസും ശീലാസും ഇങ്ങനെ വിളിച്ചുപറഞ്ഞു, ***"കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (അപ്പൊ. പ്രവൃത്തി 16:31)***. മുകളിൽ ഉദ്ധരിച്ചിട്ടുള്ള താക്കോൽ വാക്യത്തിൽ അപ്പൊസ്തലനായ പത്രൊസ് പറഞ്ഞിരിക്കുന്ന വാക്യവും നോക്കുക.

### ആത്മരക്ഷ സാധ്യമായിരിക്കുന്നത്, യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതിനാൽ

കർത്താവായ യേശു കാൽവറിയിലെക്രൂശിൽ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന ചിന്ത നമ്മെ ഭരിക്കുമ്പോഴാണ് നമ്മുടെ രക്ഷ എത്രയോ വിലയേറിയത് എന്നു നമുക്കു മനസ്സിലാകുവാൻ തുടങ്ങുന്നത്. നമ്മെ രക്ഷിക്കുന്നതിനു വേണ്ടിയാണ് പാപവുമായി ഒരു ബന്ധവുമില്ലാതിരുന്ന നമ്മുടെ കർത്താവായ യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചത് ***(1 കൊരിന്ത്യർ 15:3)***.അതിന്റെ അർത്ഥം, നാം ശിക്ഷിക്കപ്പെടേണ്ടിയിരുന്ന സ്ഥാനത്ത്, നമുക്ക് അർഹമായിരുന്ന, നമ്മുടെ പാപത്തിനുള്ള ശിക്ഷ അവൻ നമുക്കുവേണ്ടി ഏറ്റെടുത്തു. അവൻ അപ്രകാരം ചെയ്തതിനാൽ, ആ ശിക്ഷ നാം അനുഭവിക്കേണ്ടതായി വരുന്നില്ല! പാപത്തിന്റെ ശിക്ഷയായ മരണം ഏറ്റുവാങ്ങേണ്ടതായിരുന്ന സ്ഥാനത്ത്, നമുക്ക് ഇപ്പോൾ, യേശുക്രിസ്തു മുഖാന്തരം, ദൈവത്തിന്റെ ദാനമായ നിത്യജീവൻ പ്രാപിക്കുവാൻ സാധിക്കും ***(റോമർ 6:23 വായിക്കുക)***.



നമുക്ക് രക്ഷ നേടിത്തരിക എന്നത് ദൈവത്തിന് വളരെ എളുപ്പമുള്ള കാര്യമായിരുന്നു എന്ന് ഒരിക്കലും കരുതരുത്. അതിനു വേണ്ടി ദൈവത്തിനു കൊടുക്കേണ്ടിവന്ന വില നമുക്ക് ഒരിക്കലും കണക്കാക്കുവാൻ കഴിയാത്ത അത്രയും വലുതായിരിക്കുന്നു. നമ്മെ നമ്മുടെ പാപങ്ങളിൽ നിന്നു വിടുവിക്കുന്നതിനായി അവൻ തന്റെ സ്വന്തപുത്രനെ കഷ്ടം അനുഭവിക്കുന്നതിനും മരണത്തിനുമായി ഏല്പിച്ചുകൊടുത്തു. ***1 പത്രൊസ് 1:18–19***ൽ നാം ***വായിക്കുന്നത്, നമ്മെ "വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ"*** എന്നാണ്. നമ്മെ സംബന്ധിച്ചിടത്തോളം **രക്ഷ സൗജന്യമാണ്** (ഈ വിഷയത്തെക്കുറിച്ച് നാം അടുത്ത പാഠത്തിൽ പഠിക്കുന്നതാണ്), എന്നാൽ ദൈവത്തെ സംബന്ധിച്ചിടത്തോളം അത് എത്രയും വിലയേറിയത് ആയിരുന്നു.

**ഇത് ആത്മരക്ഷ എന്ന വിഷയത്തിൽ മൂന്നു യൂണിറ്റു പാഠങ്ങൾ ഉള്ളതിൽ ഒന്നാമത്തേതാണ്.**

# ഉത്തരക്കടലാസ്സ്

## A3-ആത്മരക്ഷ

### പാഠം 1 - വ്യക്തിപരമായ ഒരു ആവശ്യം

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ____________________

**വിലാസം:** ____________________

1. **ഏതു വിധത്തിലാണ് നാം എല്ലാവരും രക്ഷിക്കപ്പെടുവാനാവശ്യമായ ഒരു സ്ഥിതിയിലായിത്തീർന്നിരിക്കുന്നത്?** / 3

2. ***ഉല്പത്തി 1:26,27* വായിച്ചതിനു ശേഷം, ദൈവത്തിന്റെ ഒരു സൃഷ്ടി എന്ന നിലയിൽ മനുഷ്യവർഗ്ഗത്തിനുള്ള പ്രത്യേകത എന്ത് എന്ന് ഒരു വാചകത്തിൽ എഴുതുക.** / 3

3. ***ഉല്പത്തി 2:15 – 17* വായിച്ചതിനു ശേഷം, താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം എഴുതുക:** / 3

   A) ആദാമിനോടു ദൈവം ചെയ്യുവാൻ ആവശ്യപ്പെട്ട രണ്ടു പ്രവൃത്തികൾ ഏവ?

   B) ആദാമിനോടു ചെയ്യരുത് എന്നു വിലക്കിയ ഒരു കാര്യം എന്താണ്?

4. **"പരീക്ഷ നേരിട്ടപ്പോൾ അവർ പരാജയപ്പെട്ടുപോയി " എന്ന് പാഠത്തിൽ പറഞ്ഞിട്ടുണ്ട്. *ഉല്പത്തി 3:16* വായിച്ചതിനുശേഷം, അവർ പരാജയപ്പെട്ടത് എങ്ങനെ എന്നു വിശദമാക്കുക.** / 4

5. **ആദാമിന്റേയും ഹവ്വായുടെയും പാപം, അവർക്കു ദൈവവുമായിട്ടുണ്ടായിരുന്ന ബന്ധത്തിൽ ഏതു വിധത്തിലുള്ള മാറ്റമാണുണ്ടാക്കിയത് ?** / 2

6. **ആദാമിന്റെ പാപം ഏതു വിധത്തിലാണ് മനുഷ്യവർഗ്ഗത്തെ ആകെ ബാധിച്ചത്?** / 2

7. ***റോമർ 6:23* വായിച്ചതിനു ശേഷം:** / 3

   A) "പാപത്തിന്റെ ശമ്പളം" എന്നതിന്റെ അർത്ഥം എന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിവരിക്കുക.

   B) "പാപത്തിന്റെ ശമ്പളം" എന്തിലേയ്ക്കാണ് മനുഷ്യനെ നയിക്കുന്നത്?

   C) "ദൈവത്തിന്റെ കൃപാവരം" എന്താണ്?

8. **താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് എഴുതുക.** / 5

   **ആത്മരക്ഷ വ്യക്തിപരമായ ഒരു ആവശ്യമായിരിക്കുന്നത്:**

   A) നാമെല്ലാം ആദാമിന്റെ മക്കളായിരിക്കുന്നതുകൊണ്ട് ________

   B) മഹാദുഷ്ടന്മാർക്കു മാത്രം ________

   C) നാമെല്ലാവരും ദൈവതേജസ്സില്ലാത്തവരായിത്തീർന്നതുകൊണ്ട് ________

   D) യെഹൂദജനത്തിനു മാത്രം ________

   E) എനിക്ക് ________

**ചിന്തിക്കുക:** വീഴ്ച സംഭവിച്ച ഒരു ലോകത്തിൽ ജീവിക്കുന്നതു കൊണ്ടുള്ള ദോഷഫലങ്ങൾ എന്തെല്ലാമെന്നു ചിന്തിക്കുക. അതിനുള്ള എന്തെല്ലാം തെളിവു കളെക്കുറിച്ചാണ് താങ്കൾക്ക് നന്നായി ബോധ്യമുള്ളത്?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A3-ആത്മരക്ഷ

### പാഠം 2 - വിലയേറിയ ഒരു ദാനം

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **ഒരു വ്യക്തി അയാൾക്കു സ്വയം അയാളുടെ പാപങ്ങളിൽനിന്നു മോചനം പ്രാപിക്കാൻ സാധിക്കുമെന്നും അങ്ങനെ അയാൾ തന്നെ ത്താൻ സ്വർഗ്ഗത്തിലേയ്ക്കു പോകുവാൻ തയ്യാറായിരിക്കുന്നുവെന്നും പറഞ്ഞാൽ നിങ്ങൾ അയാളോട് എന്തു മറുപടി പറയും?** / 4

2. **"ദൈവകൃപ" എന്താണെന്നു വിശദമാക്കുക.** / 3

3. **"നമ്മുടെ പാപങ്ങളിൽ നിന്നു മോചനം പ്രാപിക്കുവാൻ ധാരാളം മാർഗ്ഗങ്ങളുണ്ട്" എന്നു ചിലർ പറയാറുണ്ട്. അത്തരം ഒരു പ്രസ്താവനയെ *അപ്പൊസ്തലപ്രവൃത്തികൾ 4:12ൽ* പത്രൊസ് പറഞ്ഞിരിക്കുന്ന വാക്കുകൾ ഖണ്ഡിച്ചിരിക്കുന്നത് എങ്ങനെ?** / 3

4. **താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് എഴുതുക:** / 5

   A) നിത്യജീവൻ അതിനായി നന്നായി പ്രയത്നിക്കുന്നവർക്കുള്ള പ്രതിഫലമാണ് ______

   B) നിത്യജീവൻദൈവത്തിന്റെ ദാനമാണ് ______

   C) യേശു നമ്മുടെ പാപത്തിനുള്ള ശിക്ഷ സഹിച്ചു ______

   D) മതപരമായ ചടങ്ങുകളിൽ പങ്കെടുത്താൽ നമുക്ക് ആത്മരക്ഷ പ്രാപിക്കാം ______

   E) നമുക്കു രക്ഷ ഒരുക്കുന്നതിന് ദൈവം കൊടുക്കേണ്ടിവന്നത് കനത്ത വിലയാണ് ______

5. ***യോഹന്നാൻ 3:16* വായിക്കുക. ഈ വാക്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്നത് എന്താണ്?** / 3

   A) ദൈവസ്നേഹം

   B) നമ്മുടെ ആത്മരക്ഷയ്ക്കുവേണ്ടി ദൈവം നമുക്കായി തന്നത്

   C) ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാമാർഗ്ഗം

6. **യേശുക്രിസ്തുവിന്റെ മരണം, പാപികളെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കുന്നതിനുള്ള, ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഒരു അവിഭാജ്യഘടകം ആയിരിക്കുന്നത് എങ്ങനെ?** / 4

7. **കർത്താവായ യേശുവിൽ വ്യക്തിപരമായി പാപം ഇല്ല എന്നുള്ളത് ബൈബിളിലെ ഏറ്റവും മഹത്തായ ഉപദേശങ്ങളിൽ ഒന്നാണ്. അപ്പൊസ്തലന്മാരായ പൗലൊസും പത്രൊസും യോഹന്നാനും അവനെക്കുറിച്ചു പറഞ്ഞിരിക്കുന്ന താഴെപ്പറയുന്ന വാക്യഭാഗങ്ങൾ പൂരിപ്പിക്കുക:** / 3

   A) അവൻ പാപം ...................................... *(2 കൊരിന്ത്യർ 5:21)*

   B) അവൻ പാപം ....................................... *(2 പത്രൊസ് 2: 22)*

   C) അവനിൽ പാപം .................................. *(1 യോഹന്നാൻ 3:5)*

**ചിന്തിക്കുക:** ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം പലപ്പോഴും നമ്മുടെ രക്ഷയെ ഓർത്ത് ദൈവത്തിനു നന്ദി പറയാറുണ്ട്. രക്ഷയുടെ ഏതു ഗുണങ്ങളോർത്താണ് താങ്കൾ പ്രത്യേകിച്ചും നന്ദിയുള്ള ഒരു വ്യക്തിയായിരിക്കുന്നത്?

**ആകെ മാർക്ക്** / 25

ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# A3-ആത്മരക്ഷ

## പാഠം 3 - ഇപ്പോൾതന്നേ സ്വന്തമാക്കാവുന്ന ഒരു അവകാശം

**വായനഭാഗം:**

**യെശയ്യാവ്12:13; എഫെസ്യർ 2:4 – 10; 2 തിമൊഥെയൊസ് 1:8 – 10**

**താക്കോൽ വാക്യം:**

**"അതുകൊണ്ട് നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽനിന്നു വെള്ളം കോരും"**

(യെശയ്യാവ് 12:3)

നിങ്ങൾ ഒരുപക്ഷേ,നിങ്ങൾക്കു അവകാശപ്പെട്ട എന്തെങ്കിലും ഒരു പ്രത്യേക വസ്തു സ്വന്തമാക്കിയിട്ടുണ്ടായിരിക്കാം. മറ്റാരുടെയെങ്കിലും കൈവശം ഇതുപോലെയുള്ള ഒരു വസ്തു ഉണ്ട് എന്നും വരാം. എന്നാൽ, നിങ്ങൾ സ്വന്തമാക്കിയിട്ടുള്ള നിങ്ങളുടെ അവകാശം അനുഭവിച്ചുകൊണ്ട് നിങ്ങൾക്കുപറയുവാൻ സാധിക്കും: "ഇത് എന്റെതാണ്".

ആത്മരക്ഷയുടെ കാര്യത്തിലും അത് അങ്ങനെ തന്നേയായിരിക്കുന്നു! കാരണം, നമ്മിൽ ഓരോരുത്തരും ആത്മരക്ഷ പ്രാപിച്ചു കഴിയുമ്പോൾ അതു ഓരോരുത്തർക്കും സ്വന്തമായ വിലയേറിയ അവകാശം ആയിത്തീരുന്നു.

നമ്മൾ രണ്ടാമത്തെ പാഠത്തിൽ കണ്ടതുപോലെ, കർത്താവായ യേശുവിനെ നമുക്കായി തന്നുകൊണ്ട് ദൈവം നമുക്ക് രക്ഷ ഒരുക്കിത്തന്നിരിക്കുന്നു. ഈ കാര്യത്തിൽ ദൈവത്തിന്റെ ഭാഗത്തുനിന്നു ചെയ്യേണ്ടതു ചെയ്തിരിക്കുന്നു. "ആത്മരക്ഷ എങ്ങനെ നമ്മുടേതായിത്തീരും?" എന്നതാണ് പ്രസക്തമായ അടുത്ത ചോദ്യം. ഇവിടെ നാം മനസ്സിലാക്കുവാനാവശ്യമായ ചില പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്.

### 1. ആത്മരക്ഷ ഒരു ദാനമാണ്.

നമ്മെ നമ്മുടെ പാപങ്ങളിൽനിന്നു രക്ഷിക്കുവാൻ ആവശ്യമായ സകലതും, കർത്താവായ യേശു തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ, ചെയ്തുതന്നിരിക്കുന്നു. അവൻ നമ്മെ രക്ഷിക്കുന്നതിനുവേണ്ടി തന്റെ ജീവൻ "മറുവിലയായി കൊടുത്തു" എന്ന് അതിനെക്കുറിച്ചു മനസ്സിലാക്കുവാൻ സാധിക്കും. ഇപ്പോൾ ആ ആത്മരക്ഷ അവൻ സൗജന്യമായി നമുക്കു ദാനം തന്നിരിക്കുന്നു *(1 തിമൊഥെയൊസ് 2:56).*

### 2. ആത്മരക്ഷ നമ്മുടെ നന്മപ്രവൃത്തികൾക്കുള്ള ഒരു പ്രതിഫലമോ സമ്മാനമോ അല്ല

നാം നന്മ ചെയ്താൽ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ച് നമുക്ക് "പ്രതിഫലം" തരും എന്നു ചിന്തിക്കുന്നതിനുള്ള ഒരു പ്രവണത പലർക്കും ഉണ്ടായി എന്നുവരാം. എന്നാൽ, അങ്ങനെയല്ല ബൈബിൾ പഠിപ്പിക്കുന്നത്. നമ്മുടെ പാപം നമ്മെ പൂർണ്ണമായും കളങ്കപ്പെടുത്തി നശിപ്പിച്ചുകളഞ്ഞിരിക്കുന്നതിനാൽ, നാം ചെയ്യുന്ന ഏറ്റവും നല്ല പ്രവൃത്തികൾ പോലും ദൈവത്തിനു സ്വീകരിക്കുവാൻ കഴിയുന്നതല്ല. പൗലൊസ് *എഫെസ്യർ 2:8,9* ൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "***കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല***". "പ്രവൃത്തികളും കാരണമല്ല" എന്നു ബൈബിൾ പറയുമ്പോൾ, അതിന്റെ അർത്ഥം, ദൈവത്തിനു നമ്മോടു പ്രീതി തോന്നിയേക്കാവുന്ന നമ്മുടെ സൽപ്രവൃത്തികളുടെ അടിസ്ഥാനത്തിൽ നമുക്കു ആത്മരക്ഷ പ്രാപിക്കുവാൻ കഴിയുകയില്ല എന്നാണ്.

### 3. ആത്മരക്ഷ ലഭിക്കുന്നത്, മാനസാന്തരത്തിനുശേഷം ഉളവാകുന്ന വിശ്വാസത്താൽ.

നമ്മുടെ പാപങ്ങളെക്കുറിച്ച് ദൈവത്തോട് തുറന്നു സമ്മതിച്ച് പാപജീവിതത്തിൽനിന്നും മനംതിരിയുവാൻ തയ്യാറാകുന്നതിനെയാണ് മാനസാന്തരം എന്നു പറയുന്നത്. ദൈവം സകല മനുഷ്യരോടും മാനസാന്തരപ്പെടുവാൻ കല്പിക്കുന്നതായിബൈബിളിൽ ***അപ്പൊസ്തലപ്രവൃത്തികൾ 17:30***ൽ കാണാൻ സാധിക്കും. ആത്മാർത്ഥമായി മാനസാന്തരപ്പെടുന്ന മനുഷ്യർ, യാതൊരു തടസ്സവും ഉന്നയിക്കാതെ, യേശുകർത്താവ് അവരുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന സുവിശേഷം അനുസരിച്ച് അവനിൽ വിശ്വസിക്കുവാൻ തയ്യാറാകുന്നു!

ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നാം പാപികളാണെന്നു മനസ്സിലാക്കിയതിനു ശേഷം, നമ്മുടെ പാപങ്ങളെ ഹൃദയപൂർവ്വം ദൈവത്തോട് ഏറ്റുപറഞ്ഞ് മാനസാന്തരപ്പെട്ടാൽ മാത്രമേ, കർത്താവായ യേശുവിലുള്ള നമ്മുടെ വിശ്വാസം അർത്ഥപൂർണ്ണമാകയുള്ളൂ.

ബൈബിളിൽ പറഞ്ഞിരിക്കുന്നതനുസരിച്ച്, "വിശ്വാസം" എന്നപദത്തിന്റെ അർത്ഥം, "വിശ്വാസം അർപ്പിക്കുക" അല്ലെങ്കിൽ "വിശ്വസിച്ച് ആശ്രയിക്കുക" എന്നാണ്. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ അവിടുന്ന് മനുഷ്യരായ നമുക്കു നൽകുന്നത് നമ്മൾ മാനസാന്തരപ്പെട്ട് കർത്താവായ യേശുവിൽ വിശ്വസിക്കണം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ***(അപ്പൊസ്തലപ്രവൃത്തികൾ 20:21)***. അതിന്റെ അർത്ഥം, യേശുകർത്താവ് നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്നു വിശ്വസിച്ച് നമ്മുടെ ആശ്രയം പൂർണ്ണമായും അവനിൽ വെയ്ക്കേണം എന്നാണ്. ***അപ്പൊസ്തലപ്രവൃത്തികൾ 16:30,31*** ൽ ഈ കാര്യം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

എന്തുകൊണ്ടാണ് രക്ഷ "വിശ്വാസത്താൽ മാത്രം" എന്ന് നിങ്ങൾ ഒരു പക്ഷേ, സംശയിച്ചേക്കാം. ഈ വിഷയത്തോടു ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ ഓർത്തിരിക്കേണ്ടതായിട്ടുണ്ട്.



1. ക്രിസ്തു നമുക്കുവേണ്ടി ക്രൂശിന്മേൽ ചെയ്ത പ്രവൃത്തി തികച്ചും പൂർണ്ണതയുള്ളതാകയാൽ, നാം അതിനോട് ഒന്നും കൂട്ടിച്ചേർക്കേണ്ടതായ ആവശ്യമില്ല *(എബ്രായർ10:14)*.

2. നാം ചെയ്യുന്ന ഏറ്റവും നല്ല ഒരു കാര്യം പോലും നമ്മിലുള്ള പാപത്താൽ മലിനപ്പെട്ടതാകയാൽ ദൈവത്തിന് അതിൽ പ്രസാദിക്കുവാൻ കഴിയുന്നതല്ല *(യെശയ്യാവ് 64:6).*

### 4. രക്ഷ ഇക്കാലത്തുതന്നേ ലഭ്യമാകുന്ന ഒരു അവകാശമാണ്

നമ്മൾ രക്ഷിക്കപ്പെട്ടോ എന്നറിയുന്നതിനായി നമ്മുടെ മരണം വരെ നാം കാത്തിരിക്കേണ്ടതായിട്ടുണ്ടോ? ഒരിക്കലും വേണ്ട! നാം മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുന്ന മാത്രയിൽ തന്നേ നാം രക്ഷ പ്രാപിക്കുന്നു എന്ന് ദൈവം നമുക്ക് ഉറപ്പു തന്നിട്ടുണ്ട്. നമ്മുടെ രക്ഷ നമുക്കു ലഭിച്ചുകഴിഞ്ഞ ഒരു യാഥാർത്ഥ്യമാണെന്ന് ധാരാളം ബൈബിൾ വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ട് ***(എഫെസ്യർ 2:8,9;2 തിമൊഥെയൊസ് 1:8,9)***. ഈ വാക്യങ്ങളുടെ വെളിച്ചത്തിൽ, ഒരു പുരുഷനോ സ്ത്രീയോ, "ഞാൻ രക്ഷിക്കപ്പെട്ടു", അല്ലെങ്കിൽ "ദൈവം തന്റെ കൃപയാൽ കർത്താവായ യേശുക്രിസ്തു മുഖാന്തരം എന്നെ രക്ഷിച്ചു" എന്നു പറയുന്നതു കേട്ടാൽ ആ വ്യക്തി വീമ്പു പറയുന്നു അല്ലെങ്കിൽ അഹങ്കാരം പറയുന്നു എന്ന് ചിന്തിക്കേണ്ടതില്ല.

വിലയേറിയ ഒരു അവകാശം! നാം ഓരോരുത്തരും ഈവിധം സ്വയം ചോദിക്കേണ്ടത് ആവശ്യമാണ്: "ദൈവം ഒരുക്കിയിരിക്കുന്ന ഈ വലിയ രക്ഷ സ്വന്തമാക്കുവാൻ വ്യക്തിപരമായി എനിക്കു കഴിഞ്ഞിട്ടുണ്ടോ?" ഇല്ലെങ്കിൽ, ദൈവം നിങ്ങൾക്കു ദാനമായി തരുന്ന ഈ രക്ഷ എന്തുകൊണ്ട് ഇപ്പോൾ തന്നേ സ്വീകരിച്ചുകൂടാ? "***നോക്കുക, ഇപ്പോൾ ആകുന്നു രക്ഷാദിവസം***" *(2 കൊരിന്ത്യർ 6:2).*

**ഇത് ആത്മരക്ഷ എന്നവിഷയത്തിൽ മൂന്നു യൂണിറ്റു പാഠങ്ങൾ ഉള്ളതിൽ ഒന്നാമത്തേതാണ്**

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A3-ആത്മരക്ഷ

## പാഠം 4 - അതിശക്തമായ ഒരു ജീവിത പരിവർത്തനം

വായനഭാഗം:

**എഫെസ്യർ 1:12–14; 4:1–3; തീത്തൊസ് 2:11–14**

താക്കോൽ വാക്യം:

**"….. നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാം വണ്ണം ……….. നടക്ക………"**
**(എഫെസ്യർ 4:1)**

കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു കെട്ടിടത്തിനുള്ളിൽനിന്ന്, അല്ലെങ്കിൽ അപകടത്തിൽ പെട്ടു തകർന്ന ഒരു വാഹനത്തിനുള്ളിൽനിന്ന്, ഒരാളെ വലിച്ചെടുത്തു രക്ഷിക്കുക എന്നത്, പലപ്പോഴും നിമിഷനേരം കൊണ്ടു ചെയ്യുന്നതായിരിക്കും. എന്നിരുന്നാലും, അങ്ങനെ രക്ഷപെട്ട ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം, ആ സംഭവം അദ്ദേഹത്തിന്റെ പിന്നീടുള്ള ജീവിതകാലത്തെ മുഴുവൻ സ്വാധീനിക്കുന്ന വിധത്തിലുള്ളതായിത്തീരുന്നു. ആ രക്ഷ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിത്തീരുന്നു.

ഒരു വ്യക്തി ദൈവത്താൽ രക്ഷിക്കപ്പെടുമ്പോൾ സംഭവിക്കുന്നതും ഇതേ കാര്യം തന്നേയാണ്. അദ്ദേഹംതന്റെ ജീവിതത്തിൽ നേരിട്ടുക്കൊണ്ടിരിക്കുന്ന പ്രതിസന്ധികൾ നിമിത്തം ഒരു "നാൽക്കവലയിൽ" എത്തിയ അനുഭവം അയാൾക്കുണ്ടാകുന്നു. ഏതു വഴി തിരഞ്ഞെടുക്കണമെന്ന് അറിയാതെ നട്ടം തിരിയുന്ന അദ്ദേഹം തന്റെ പാപങ്ങൾ ദൈവത്തോട് ഏറ്റുപറഞ്ഞ് മാനസാന്തരപ്പെടുകയും കർത്താവായ യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുകയും ചെയ്യുന്നു. ആ സമയം മുതൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ സകലകാര്യങ്ങൾക്കും ഒരു വ്യത്യാസമുണ്ടാകുന്നു. ***"രക്ഷയ്ക്കായി ദൈവശക്തിയാകുന്നു" (റോമർ 1:16)*** എന്നു ബൈബിൾ വിശേഷിപ്പിച്ചിരിക്കുന്ന സുവിശേഷം പുതിയ വിശ്വാസിയുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുന്നു. അദ്ദേഹംക്രിസ്തുവിൽ ഒരു ***"പുതിയ സൃഷ്ടി"*** ആയിത്തീരുന്നു *(2 കൊരിന്ത്യർ 5:17)*.

ഇപ്രകാരം മാനസാന്തരപ്പെട്ട് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിൽ പരിവർത്തനം വരുത്തിക്കൊണ്ടിരിക്കുന്ന അടിസ്ഥാനഘടകങ്ങൾ എന്തെല്ലാമാണെന്ന് നമുക്കു നോക്കാം.

### 1. പരിശുദ്ധാത്മാവിന്റെപ്രവർത്തനം

ഒരു വിശ്വാസി യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ച് രക്ഷിക്കപ്പെടുന്ന അതേനിമിഷംതന്നേ, പിതാവിനോടും പുത്രനോടും സമത്വമുള്ള പരിശുദ്ധാത്മാവാം ദൈവം ആ വ്യക്തിയിലും വ്യക്തിയോടു കൂടെയും വന്ന് വാസം ചെയ്യുന്നു. ഒരു ക്രിസ്തു വിശ്വാസിയുടെ ശരീരം ***"പരിശുദ്ധാത്മാവിന്റെമന്ദിരമാകുന്നു" (1 കൊരിന്ത്യർ 6:19)***. ക്രിസ്തുവിൽ നമുക്കു ദൈവത്തോടുള്ള നമ്മുടെ ബന്ധം സുരക്ഷിതമാക്കുന്നതിനായി നമ്മെ അവിടുന്ന് പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു എന്നാണ് ***എഫെസ്യർ 1:14***ൽ വിശദമാക്കിയിരിക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്ന് ദൈവത്തിന്റെ ആത്മാവ് നമ്മോട് സാക്ഷ്യം പറഞ്ഞു കൊണ്ടിരിക്കുന്നു *(റോമർ 8:16)*. വിശ്വാസികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അവരുടെ ജീവിതത്തിന്റെ സകല മേഖലകളിലും തെളിഞ്ഞു കാണുവാൻ സാധിക്കും. വചനപഠനത്തിൽ, ദൈവിക നടത്തിപ്പിൽ, ക്രിസ്തുവിൽ ധൈര്യപ്പെടുന്ന വിഷയത്തിൽ, നമ്മെ ക്രിസ്തുവിനോടു കൂടുതൽ അനുരൂപരാക്കുന്ന കാര്യത്തിലും എല്ലാം.

### 2. ബൈബിളിന്റെ പ്രാധാന്യം

രക്ഷിക്കപ്പെട്ട വ്യക്തികൾ എങ്ങനെ പെരുമാറണമെന്ന് നാം ബൈബിളിൽനിന്നു പഠിക്കുന്നു. കർത്താവായ യേശുവിലുള്ള നമ്മുടെ വിശ്വാസവും ആശ്രയവും, ആഴ്ചയിൽ ഓരോ ദിവസവും നമ്മുടെ ജീവിതത്തെ സ്വാധീനിക്കുവാൻ ഇടയാകണം. പൗലൊസ് എഫെസോസിലുള്ള ക്രിസ്ത്യാനികളോട് അവരുടെ നടപ്പ് എങ്ങനെയായിരിക്കണമെന്ന് എഴുതിയിരിക്കുന്നത് ഇതേ അർത്ഥത്തിലാണ് ***(എഫെസ്യർ 4:1– 3,17; 5:1– 2, 5:8; 5:15)***. അവൻ ക്രിസ്ത്യാനിയുടെ നടപ്പിന് അഥവാ ജീവിതശൈലിക്ക് വലിയ ഊന്നൽ നൽകിക്കൊണ്ട്, നമ്മുടെ രക്ഷ നമ്മുടെ സകല ജീവിതമേഖലകളിലും പ്രതിഫലിച്ചു കാണണമെന്നാണു പറഞ്ഞിരിക്കുന്നത്.

നമ്മുടെ ജീവിതകാലം മുഴുവൻ ബൈബിളിലെ ഉപദേശം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കണമെന്നു പറഞ്ഞാൽ, അതിന്റെ അർത്ഥം, നാം അത് ദിവസവും വായിക്കേണ്ടതായ ആവശ്യമുണ്ട് എന്നാണ്. നിങ്ങൾ രക്ഷിക്കപ്പെട്ട ഒരു ദൈവപൈതൽ ആയിരുന്നിട്ടും ദൈവവചനം ക്രമമായി വായിക്കുന്ന പതിവ് നിങ്ങൾക്കില്ലെങ്കിൽ, ഇന്നു തന്നേ അത് ആരംഭിക്കുക! ഓരോ ദിവസവും ഒരു ചെറിയ ഭാഗം എങ്കിലും വായിക്കുക, അധികം വൈകാതെ നിങ്ങൾ പ്രാപിച്ച ആത്മരക്ഷയുടെ ഫലമായി നിങ്ങൾക്ക് ക്രമാനുഗതമായ ആത്മികവളർച്ച ഉണ്ടാകുന്നതായി കാണാം ***(കൊലൊസ്യർ 2:6,7)***.

നമ്മിൽ പരിശുദ്ധാത്മാവിന്റെയും ദൈവവചനത്തിന്റെയും പ്രവർത്തനം ഒരുമിച്ചു നടക്കുമ്പോൾ ദൈവത്തിനു പ്രസാദകരമായ ഒരു ജീവിതരീതി നമ്മിൽ രൂപപ്പെട്ടു വരുവാനിടയാകുന്നു. രക്ഷിക്കപ്പെട്ടു കഴിഞ്ഞു എന്നതിനാൽ നമുക്ക് ഇനി ഒരു പാപപ്രേരണയും ഉണ്ടാകുകയില്ല എന്നോ, നാം ഒരു പാപവും ചെയ്യുകയില്ല എന്നോ, അതിന് അർത്ഥമില്ല. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഒരു ആത്മീയ പോരാട്ടമുണ്ട്. അതിനു കാരണം, അവൻ 2സ്വഭാവങ്ങളോടു കൂടിയവനാണ്. കർത്താവായ യേശുവിനെ സ്വീകരിച്ചു കഴിഞ്ഞപ്പോൾ അവന് പുതിയ ജീവൻ ലഭിച്ചു; അത് ദൈവത്തെ പ്രസാദിപ്പിക്കുവാൻ അവനിൽ ആഗ്രഹം വളർത്തുന്ന ഒരു പുതിയ സ്വഭാവമാണ്. അതേസമയം, ആദാമിന്റെ വീഴ്ചയാൽ ജഡപ്രകാരം അവനു പകർന്നുകിട്ടിയ പഴയ പാപസ്വഭാവം അപ്പോഴും അവനിലുണ്ട്! അതുനിമിത്തം അവന്റെ ഉള്ളിലുള്ള ഈ രണ്ടു വിഭിന്ന സ്വഭാവങ്ങളും തമ്മിലുള്ള പോരാട്ടം അവന്റെ ജീവിതകാലം മുഴുവൻ തുടരുന്നു. എന്നാൽ, ഈ വിഷയത്തിൽ നാം ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം, പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്കു കീഴ്പ്പെട്ടുകൊണ്ടും ദൈവവചനം അനുസരിച്ചു കൊണ്ടും നമ്മുടെ പുതിയ സ്വഭാവത്തെ "പോഷിപ്പിക്കണം" എന്നുള്ളതാണ്. അതേസമയം തന്നേ, പാപം എന്നു നമുക്കറിയാവുന്ന സകലത്തിൽ നിന്നും പിൻതിരിഞ്ഞുകൊണ്ട് നമ്മിലുള്ള പഴയ സ്വഭാവത്തെ നാം "പട്ടിണി" കിടത്തുകയും വേണം.

### 3. ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നവനായ നമ്മുടെ രക്ഷിതാവ്

നമുക്കു ലഭിച്ച രക്ഷയുടെ നന്മകൾ സന്തോഷത്തോടെ അനുഭവിക്കുവാൻ ഇടയാക്കുന്ന മൂന്നാമത്തെ ഘടകം, നമ്മുടെ കർത്താവ് ജീവിക്കുന്നു എന്ന തിരിച്ചറിവും പൂർണ്ണബോധ്യവുമാണ്. അവൻ നമുക്കുവേണ്ടി മരിച്ചു ***(റോമർ 5:8)***, മാത്രമല്ല അവൻ നമുക്കുവേണ്ടി ജീവിക്കുന്നു ***(എബ്രായർ 7:25)***. അവൻ ഏറ്റവും ഉയർത്തപ്പെട്ടവനും മഹത്വപ്പെട്ടവനുമായ രക്ഷിതാവായി ഇപ്പോൾ സ്വർഗ്ഗത്തിൽ ഇരിക്കുന്നു, അവൻ അവിടെ പിതാവിന്റെവലത്തുഭാഗത്തിരുന്നുകൊണ്ട് നമ്മുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നമുക്കുവേണ്ടി അവൻ അവിടെ സദാ ജാഗരിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ, ഓരോ ദിവസവും അവൻ നമുക്കു നൽകിക്കൊണ്ടിരിക്കുന്നഅവന്റെവ രക്ഷ നമുക്ക് അനുഭവിച്ചറിയുവാൻ സാധിക്കും.



നമുക്ക് സാത്താന്റെമേലും, നമുക്കു മുമ്പിൽ വരുന്ന മറ്റു പ്രലോഭനങ്ങളുടെമേലും ജയം പ്രാപിക്കുവാൻ അവൻ നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്നു. കർത്താവായ യേശു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റില്ലായിരുന്നുവെങ്കിൽ നമുക്ക് ഒരിക്കലും ഈ രക്ഷ ലഭിക്കുകയില്ലായിരുന്നു.

### 4. നമ്മുടെ ഭാവികാലരക്ഷയുടെ പ്രാധാന്യം

നമ്മുടെ കർത്താവായ യേശു നമുക്കുവേണ്ടി വീണ്ടും വരുന്നു എന്ന അറിവ്, ഈ ലോകത്തിൽ ഒരു വിശുദ്ധജീവിതം നയിക്കുന്നതിനും, നമുക്കു സാധ്യമായ എല്ലാ രീതിയിലും അവനെ സേവിക്കുന്നതിനും നമുക്ക് പ്രചോദനവും ഉണർവ്വും ഉത്സാഹവും തരുന്നു ***(1 യോഹന്നാൻ 3:13)***. അവൻ വീണ്ടും വരുമ്പോൾ, നമ്മുടെ രക്ഷ പൂർത്തിയാകും. കാരണം, അന്ന്, നമ്മുടെ പഴയ പാപസ്വഭാവം എന്നേയ്ക്കുമായി ഇല്ലാതെയാകുകയും, നാം നമ്മുടെ കർത്താവായ യേശുവിനെപ്പോലെയായിത്തീരുകയും ചെയ്യും ***(ഫിലിപ്യർ3:2021)***.

**ഇത് ആത്മരക്ഷ എന്നവിഷയത്തിൽ മൂന്നു യൂണിറ്റു പാഠങ്ങൾ ഉള്ളതിൽ ഒന്നാമത്തേതാണ്**

© Bible Educational Services | Visit : www.besweb.com | 6/2022

# ഉത്തരക്കടലാസ്സ്

## A3-ആത്മരക്ഷ

### പാഠം 3 - ഇപ്പോൾതന്നേ സ്വന്തമാക്കാവുന്ന ഒരു അവകാശം

അദ്ധ്യാപകന്റെ അഭിപ്രായം:

1. **നമ്മുടെ രക്ഷയ്ക്കുവേണ്ടി കർത്താവായ യേശു കൊടുത്ത "വില" എന്താണ്? (നിങ്ങളുടെ ഉത്തരത്തിനു ആധാരമായ ഒരു ബൈബിൾ വാക്യം സൂചിപ്പിക്കുക).** / 3

2. **താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക:** / 5

   A) "സമ്മാനം", "ദാനം" എന്നിവ തമ്മിലുള്ള വ്യത്യാസം എന്തെന്നു വിശദീകരിക്കുക

   B) സമ്മാനം, ദാനം എന്നീ രണ്ടു വാക്കുകളിൽ ഏതാണ് ദൈവത്തിന്റെ രക്ഷയെ കുറിക്കുന്നത്?

   C) ***എഫെസ്യർ 2:8*** പ്രകാരം ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതിനായി അവനിൽ വ്യാപരിക്കുന്ന രണ്ടു അനുകൂല ഘടകങ്ങൾ ഏവ?

3. **നമ്മുടെ "സൽ പ്രവൃത്തികളാൽ" നമുക്ക് രക്ഷ പ്രാപിക്കുവാൻ കഴിയുന്നതല്ല എന്ന് നിങ്ങൾക്കു സാധിക്കുന്ന വിധത്തിൽ വ്യക്തമായി വിശദീകരിക്കുക** / 4

4. **താഴെപ്പറയുന്ന പ്രസ്താവനകൾ ശരി അല്ലെങ്കിൽ തെറ്റ് എന്ന് അടയാളപ്പെടുത്തുക.** / 6

   A) "വിശ്വസിക്കുക" എന്ന പദത്തിനു ബൈബിൾ അർത്ഥമാക്കുന്നത് "ആശ്രയിക്കുക" എന്നാണ്. ______

   B) ഈ ലോകവാസം കഴിയുന്നതു വരെയും ആർക്കും ഒരു വ്യക്തി രക്ഷിക്കപ്പെട്ടു എന്ന് ഉറപ്പായി പറയുവാൻ കഴിയുന്നതല്ല ______

   C) നമ്മുടെ "നന്മപ്രവൃത്തികൾക്കു" പകരമായി ദൈവം നമുക്ക് രക്ഷ നൽകും ______

   D) നാം നമ്മുടെ പാപങ്ങളെ ഓർത്ത് അനുതപിക്കുകയും അവ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് കർത്താവായ യേശുവിൽ വിശ്വസിച്ച് ആശ്രയിക്കുകയും ചെയ്താൽ ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ നമ്മുടേതാകും ______

   E) സ്നാനം ഏൽക്കുക എന്നതും രക്ഷ പ്രാപിക്കുക എന്നതും ഒരേ കാര്യം തന്നേയാണ്. ______

   F) രക്ഷ സന്തോഷത്തോടു ബന്ധപ്പെട്ടിരിക്കുന്നു ______

5. ***അപ്പൊസ്തലപ്രവൃത്തികൾ 16:30 – 31*** **ൽ കാണുന്ന ചോദ്യോത്തരങ്ങൾ എഴുതുക:** / 2

   ചോദ്യം: ........................................................................................................................

   ഉത്തരം:........................................................................................................................

6. **ദൈവം നൽകുന്ന രക്ഷ സ്വീകരിക്കാതെ അതു മറ്റൊരു ദിവസത്തേയ്ക്കു നീട്ടിവെയ്ക്കുന്നത് ഭോഷത്വമാണെന്നു കാണിക്കുന്ന ഒരു പ്രസ്താവന ബൈബിളിൽ നിന്നു എടുത്ത് ഉദ്ധരിക്കുക.** / 1

7. ***അപ്പൊസ്തലപ്രവൃത്തികൾ 20:21*** **ൽ പൗലൊസ് യെഹൂദന്മരോടും ജാതികളോടും (യവനന്മാരോടും) പ്രസംഗിച്ച സുവിശേഷം എന്താണെന്നു ചുരുക്കിപ്പറഞ്ഞിട്ടുണ്ട്. ഈ സന്ദേശത്തിൽ ഉൾക്കൊള്ളിച്ചിരുന്ന രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ ഏതെല്ലാം?** / 4

**ചിന്തിക്കുക:** നിങ്ങൾക്ക് ഈ വിലയേറിയ രക്ഷ ദാനമായി ലഭിക്കുവാനിടയായ വിധത്തെക്കുറിച്ചും ഈരക്ഷയെക്കുറിച്ച് നിങ്ങളുടെ ഒരു സ്നേഹിതനോട് വിശദീകരിക്കുന്ന വിധത്തെക്കുറിച്ചും

ആകെ മാർക്ക് / 25

# ഉത്തരക്കടലാസ്

## A3-ആത്മരക്ഷ

### പാഠം 4 - അതിശക്തമായ ഒരു ജീവിത പരിവർത്തനം

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **പരിശുദ്ധാത്മാവ് ആരാണെന്നും അവൻ ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഇടപെട്ടു പ്രവർത്തിക്കുന്നത് എങ്ങനെയെന്നും ചുരുക്കമായി വിശദീകരിക്കുക** / 6

2. **താക്കോൽ വാക്യത്തിൽ പറഞ്ഞിരിക്കുന്നത്, ക്രിസ്ത്യാനികൾ ദൈവം അവരെ വിളിച്ച വിളിക്കു യോഗ്യമായ വിധത്തിൽ "നടക്കണം" എന്നാണ്.** / 2

   A) ഈ വാക്യത്തിൽ, "നടക്കണം" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്താണ്?

   B) അവരെ വിളിച്ചിരിക്കുന്നവൻ ആരാണ്?

3. ***എഫെസ്യ 4:2– 3; 5:2, 8, 15* ലേഖനത്തിലെ വാക്യങ്ങൾ നോക്കുക: . ഒരു ക്രിസ്ത്യാനിയുടെ നടപ്പിൽ തെളിഞ്ഞു കാണേണ്ടതായ ആറു സവിശേഷതകൾ എന്തെല്ലാം?** / 6

   1.
   2.
   3.
   4.
   5.
   6.

4. **താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്കു നേരെ ശരി അല്ലെങ്കിൽ തെറ്റ് എന്നു അടയാളപ്പെടുത്തുക.** / 2

   A) ഒരു ക്രിസ്ത്യാനി ഒരിക്കലും പാപം ചെയ്യുകയില്ല

   B) ഒരു ക്രിസ്ത്യാനിയിൽ ആത്മസ്വഭാവവും പാപസ്വഭാവവും ഒരുമിച്ചു പ്രവർത്തിക്കുന്നു

5. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:** / 6

   A) ഒരു ക്രിസ്ത്യാനിക്ക് തന്റെ പുതിയ സ്വഭാവത്തെ പോഷിപ്പിക്കുവാൻ കഴിയുന്ന രണ്ടു മാർഗ്ഗങ്ങൾ ഏവ?

   B) ഒരു ക്രിസ്ത്യാനി തന്റെ പഴയ സ്വഭാവത്തെ എങ്ങനെ കൈകാര്യം ചെയ്യണം?

   C) ഒരു ക്രിസ്ത്യാനിക്ക് താൻ തെറ്റു ചെയ്തു എന്നു ബോധ്യം വന്നാൽ അവൻ എന്തു ചെയ്യണം?
   ***(1 യോഹന്നാൻ 1:9*** പരിശോധിക്കുക)

6. **താഴെ കൊടുത്തിരിക്കുന്ന മൂന്നു പ്രസ്താവനകൾ പരിശോധിക്കുക. അവ മൂന്നും ബൈബിൾ പ്രകാരം ശരിയാണ്. ഓരോ പ്രസ്താവനയും അതു വ്യക്തമാക്കുന്ന ശരിയായ ബൈബിൾ വാക്യസൂചനയുമായി ബന്ധിപ്പിക്കുക:** / 3

| | | |
|---|---|---|
| 1. | ബാബു പറയുന്നു, "യേശു എനിക്കുവേണ്ടി മരിച്ചു എന്നു വിശ്വസിച്ചപ്പോൾ ഞാൻ എന്റെ പാപങ്ങളിൽ നിന്നു രക്ഷിക്കപ്പെട്ടു." | എബ്രായർ 7:25. |
| 2. | ആലീസ് പറയുന്നു, "യേശു എനിക്കുവേണ്ടി ജീവിക്കുന്നതുകൊണ്ട് ഞാൻ ഓരോ ദിവസവും രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു." | എബ്രായർ 9:28 |
| 3. | ജോബി പറയുന്നു, "യേശു എന്നെ ചേർക്കുവാൻ വീണ്ടും വരുമ്പോൾ ഞാൻ രക്ഷിക്കപ്പെടും" | 2 തിമൊഥെയൊസ് 1:8–10 |

**ചിന്തിക്കുക:** നിങ്ങളുടെ ക്രിസ്തീയജീവിതത്തിൽ നിങ്ങൾക്കുള്ള അനുഭവങ്ങളെക്കുറിച്ച് അതു ഏതു വിധത്തിലാണ് നിങ്ങളുടെ ജീവിതത്തിൽ പരിവർത്തനം വരുത്തിയതു എന്നും ചിന്തിക്കുക.

**ആകെ മാർക്ക്** / 25 **ആകെ യൂണിറ്റ് മാർക്ക്** / 100

© Bible Educational Services | Visit : www.besweb.com | 6/2022